**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1515** **07-02-2023 - ൽ മറുപടിയ്ക്ക്**

**കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം വില്ലേജിൽ കുത്താട്ട് കുന്നിടിഞ്ഞതിനെത്തുടർന്ന് വീടുകൾക്ക് ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പട്ടുവം വില്ലേജിൽ കുന്നിടിച്ചിൽ ഭീഷണി നേരിടുന്ന 30 ഓളം കുടുംബങ്ങളിൽ സാരമായി ബാധിക്കപ്പെട്ട 6 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഈ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 95100/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ വീട് വാസയോഗ്യമല്ലാത്തതും നിലവിൽ ഭൂമി ഇല്ലാത്തതുമായ ശ്രീ കുട്ടികൃഷ്ണൻ എം മഴക്കുദിയാൻ ഹൗസ്, ശ്രീ. ഷിജിത് കുമാർ, പൊങ്ങാടൻ ഹൗസ്, ശ്രീ അശോകൻ ഇടച്ചേരിയാൻ ഹൗസ്, ശ്രീമതി ആയിഷ പുന്നക്കൻ എന്നിവർക്ക് സ്ഥലം വാങ്ങുന്നതിന് 6,00,000/- രൂപയും വീട് നിർമിക്കുന്നതിന് 304900/- രൂപയും ചേർത്ത് ഒരാൾക്ക് 9,04,900/-രൂപ വിതം ആകെ 36,19,600/- രൂപയും ശ്രീ രാജീവൻ പി, പൊങ്ങാടൻ ഹൗസ് ശ്രീ. ഇ. രാജീവൻ എന്നിവർക്ക് വീട് നിർമ്മിക്കുന്നതിന് 304900/- രൂപ വീതം ആകെ 6,09,800/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ